# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

# ചാഴൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2023-2024


## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം

## തൃശ്ശൂർ - 680020

## ഇ-മെയിൽ: dotsr.ksad@kerala.gov.in

## ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി2)1655/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 20/12/2024
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചാഴൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി2)1655/2024

തീയ്യതി: 20/12/2024

## തൃശ്ശൂർ ജില്ലയിലെ ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-08-2023 മുതൽ 31-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റഫി ജോൺ | ഡെപ്യൂട്ടി ഡയറക്ടർ | 25-11-2024 | 30-11-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-11-2024 | 30-11-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

പ്രശാന്ത് റ്റി.ജി,ഓഡിറ്റ് ഓഫീസർ
ശ്രീജിത്ത് തെക്കുമ്പാടൻ, സീ.ഗ്രേഡ് ഓഡിറ്റർ
രഞ്ജിത്ത് പി.ആർ,ഓഡിറ്റർ
ലക്ഷ്മിപ്രിയ പി.ഒ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഇന്ദുലാൽ കെ. വി. | പ്രസിഡന്റ് | 01-04-2023 | 20-09-2023 |
| മോഹൻദാസ് കെ. എസ്. | പ്രസിഡന്റ് | 21-09-2023 | 31-03-2024 |
| ജോയ്സി വർഗ്ഗീസ് പി. | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷെരീഫ് കെ. എം. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 11-07-2023 |
| അമൃതകുമാരി വി. ഡി. | അസിസ്റ്റന്റ് സെക്രട്ടറി | 12-07-2023 | 31-03-2024 |

| | | | |
|---|---|---|---|
| ആതിര പി. എസ്സ്. | കൃഷി ഓഫീസർ | 01-04-2023 | 06-06-2023 |
| അമൃത സി. രാജൻ | കൃഷി ഓഫീസർ | 07-06-2023 | 31-03-2024 |
| നിഷാന്ത് പി. എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ഡോ. ജ്യോതി വിജയകുമാർ എൻ. | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2023 | 16-06-2023 |
| ഡോ. ശ്രീകല ടി. പി. | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 17-06-2023 | 31-03-2024 |
| ജെസ്സ എൻ. എച്ച്. | ഹെഡ്മിസ്ട്രസ് (ജി.എൽ.പി.എസ്) - കുറുമ്പിലാവ് | 01-04-2023 | 31-03-2024 |
| ധന്യ എ. | വി.ഇ.ഒ (ഇഞ്ചമുടി സർക്കിൾ) | 01-04-2023 | 31-03-2024 |
| സിന്ധു പി. ജി. | വി.ഇ.ഒ (ചാഴൂർ സർക്കിൾ) | 01-04-2023 | 31-03-2024 |
| ഗോകുൽ ഇ. ബി. | വി.ഇ.ഒ (കുറുമ്പിലാവ് സർക്കിൾ) | 01-04-2023 | 14-02-2024 |
| സിന്ധു പി. ജി. | വി.ഇ.ഒ (കുറുമ്പിലാവ് സർക്കിൾ) | 15-02-2024 | 31-03-2024 |
| ഡോ. സ്റ്റെഫി റോസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 31-03-2024 |
| ഡോ. രജിത ടി. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 31-03-2024 |
| ഡോ. രാജലക്ഷ്മി രാധാകൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| സൗമ്യ പി. എം. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| അനൂപ് സോമൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |

**ഉള്ളടക്കം**



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | സാമൂഹ്യപെൻഷൻ- തുക തെറ്റായി രേഖപ്പെടുത്തി | 1-1-1 |
| 3 | പഞ്ചായത്തിന്റെ റവന്യൂവരുമാനം ബാധ്യതാശിർഷകത്തിൽ ചേർത്തു | 1-1-2 |
| 4 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-3 |
| 5 | B-4 ഷെഡ്യൂളിലെ ബാലൻസും B-17ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | പ്രൊവിഷൻ എൻട്രി രേഖപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-7 |
| 9 | ജേർണൽ വൗച്ചറുകൾ സംബന്ധിച്ച അപാകങ്ങൾ | 1-1-8 |
| 10 | ഡി.സി.ബി രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകങ്ങൾ | 1-1-9 |
| 11 | വസ്തുനികുതി മുൻകൂർ തുക സാങ്കല്പികമായി വർദ്ധിപ്പിച്ചു | 1-1-10 |
| 12 | ബാങ്ക് റീകൺസിലിയേഷൻ പത്രിക- അപാകങ്ങൾ | 1-1-11 |
| 13 | മറ്റു രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകങ്ങൾ | 1-1-12 |
| 14 | ആസ്തി രജിസ്റ്റർ -ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | ഫണ്ട് വിനിയോഗം | 1-3 |

| | | |
|---|---|---|
| 17 | പദ്ധതി അവലോകനം | 1-4 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 19 | ക്ഷേമപെൻഷനുകൾ | 1-6 |
| 20 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 22 | അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല | 1-9 |
| 23 | വസ്തുനികുതി പരിഷ്കരണം- സർക്കാർ നിർദേശങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ് | 1-10 |
| 24 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കേണ്ടതാണ് | 1-11 |
| 25 | ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു- നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-12 |
| 26 | ഇ ടെണ്ടർ ഫീ- സമയബന്ധിതമായി പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കുന്നില്ല | 1-13 |
| 27 | പഞ്ചായത്തിന്റെ മിച്ചവരുമാനം സ്ഥിരനിക്ഷേപമായി സൂക്ഷിച്ച് തനതുവരുമാനം വർദ്ധിപ്പിക്കാവുന്നതാണ് | 1-14 |
| 28 | ജലപ്രയാണം - ശുചീകരണം പദ്ധതി - കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരൻ തുടർ നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ ഇ.എം.ഡി. കണ്ടുകെട്ടേണ്ടതാണ് | 1-15 |
| 29 | പാലിന് സബ്സിഡി-അധികമായി നൽകിയ 5088 രൂപ നിരാകരിക്കുന്നു | 1-16 |
| 30 | ബാലസഭ – മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള പരിധിയിൽ കവിഞ്ഞ് ചെലവു ചെയ്തു | 1-17 |
| 31 | കുട്ടികൾക്ക് ഫുട്ബോൾ, ജൂഡോ എന്നീ ഇനങ്ങളിൽ നൽകിയ പരിശീലനം -സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല തുക തടസ്സപ്പെടുത്തുന്നു. | 1-18 |
| 32 | മാലിന്യനിർമ്മാർജ്ജനം - തുക നൽകിയതിലെ അപാകങ്ങൾ | 1-19 |

| | | |
|---|---|---|
| 33 | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ - കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന് നൽകിയ തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-20 |
| 34 | ലാപ്ടോപ്പുകൾ ലഭ്യമായിട്ടില്ല - ചെലവുതുക തടസ്സപ്പെടുത്തുന്നു | 1-21 |
| 35 | സ്ട്രീറ്റ് മെയിൻ വലിക്കൽ - കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന് നൽകിയ തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-22 |
| 36 | മരുന്നുകൾ ലഭ്യമായിട്ടില്ല | 1-23 |
| 37 | വാങ്ങൽ നടപടികളിലെ അപാകങ്ങൾ | 1-24 |
| 38 | മാലിന്യസംസ്കരണം-ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ -അവലോകനം | 1-25 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | പാലിന് സബ്സിഡി-അധികമായി നൽകിയ 5088 രൂപ നിരാകരിക്കുന്നു | 3-1 |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം |

# ഭാഗം –1

# പൊതു അവലോകനം

## 1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവണ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാല പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 10.0 തീയതിയിലെ 1(1) നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 10.07.2024 തീയ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ച രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണ തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തര ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങ അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചി കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചാഴൂർ ഗ്രാമപഞ്ചായ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേ സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി :20.12.2024**

ഡെപ്യൂട്ടി ഡ

## 1-1-1 സാമൂഹ്യപെൻഷൻ- തുക തെറ്റായി രേഖപ്പെടുത്തി

ഇൻകം & എക്സ്പെന്റിച്ചർ ഐ-6 ഷെഡ്യൂൾ പ്രകാരം സാധുക്കളായ വിധവകളുടെ പെൺമ‹ വിവാഹധനസഹായം എന്ന ശീർഷകത്തിൽ 240000 രൂപ വരവും ചെല രേഖപ്പെടുത്തിയിട്ടുണ്ട് (ശീർഷകം:160100739). എന്നാൽ പഞ്ചായത്തിൽ നിന്നും ലഭ്യമ രേഖകൾ പ്രകാരം 4 ഗുണഭോക്താക്കൾക്ക് 30000 രൂപ വീതം ആകെ 120000 രൂപ മാത്രമേ 2 സാമ്പത്തികവർഷം ഈയിനത്തിൽ വിതരണം ചെയ്തിട്ടുള്ളൂ. 120000 രൂപ അധികമായി ചേർത്ത

## 1-1-2 പഞ്ചായത്തിന്റെ റവന്യൂവരുമാനം ബാധ്യതാശിർഷകത്തിൽ ചേർത്ത

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-8AX-6280 നമ്പർ വാഹനത്തിന്റെ ലേലം 27. തീയതിയിൽ നടക്കുകയും വിജിത്ത് കൊളപ്പുള്ളി എന്ന വ്യക്തി 163000 രൂപക്ക് കൊണ്ടിട്ടുള്ളതും പഞ്ചായത്ത് ഭരണസമിതിയുടെ തീയതിയിലെ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുള്ളതുമാണ്. ടിയാൾ പഞ്ചായത്തിൽ അടവാക്കിയ തുകയുടെ വിവരങ്ങൾ ചേർക്കുന്നു.

| ക്രമ നമ്പർ | രസീത് നമ്പർ | തീയതി | തുക | അടവാക്കിയ ശീർഷകം |
|---|---|---|---|---|
| 1 | 1230104236 | 27.12.2023 | 54500 | 340100103-Bidders Earnest Money Deposit |
| 2 | 1230104480 | 11.01.2024 | 45660 | 150120103- Receipts From Auction Of Obsolete Assets |
| 3 | 1230104481 | 11.01.2024 | 62840 | 150120103- Receipts From Auction Of Obsolete Assets |

പഞ്ചായത്തിന്റെ റവന്യൂ വരുമാനമായി ചേർക്കേണ്ട 163000 രൂപയിൽ 54500 രൂപ മേൽപ്പട്ടി കൊടുത്തിരിക്കും പ്രകാരം ബാധ്യതാശീർഷകത്തിലാണ് ചേർത്തിട്ടുള്ളത്. അപാകം തുടർ വർഷ പരിഹരിക്കേണ്ടതാണ്.

## 1-1-3 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെ

എ) താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷക ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്ത ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷക രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്ത വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | വൗച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയ ശീർഷകം |
|---|---|---|---|---|---|
| 1 | 67/24, റോഡുകിൽ തടസ്സം സൃഷ്ടിക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 1) 42301305/31.03.24, 2) 42301304/31.03.24 | 1) 11685/- 2) 182799/- | 252100001-Electric Line-Post Re-Arrangement | 460500202-Advanc Implementing Agenc Deposit With Kerala Electricity Board |
| 2 | 49/24, സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 1) 42301236/30.03.24 2) 42301300/31.03.24 | 1) 324212/- 2) 93544/- | 415100002-Streetlights-New Line For Street Lights | 460500202-Advanc Implementing Agenc Deposit With Kerala Electricity Board |

ബി) മൂലധന ചെലവുകൾ റവന്യൂച്ചെലവായി രേഖപ്പെടുത്തി. താഴെ ചേർക്കുന്ന മൂലധനചെല അനുയോജ്യമായ മൂലധനശീർഷകത്തിൽ രേഖപ്പെടുത്തുന്നതിന് പകരം റവന്യൂച്ചെലവായി ശീർഷകങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പരും പേരും | തുക | വൗച്ചർ നമ്പർ/തീയതി | ചെലവ് ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|---|
| 1 | 254/24 , ഹെൽത്ത് ഗ്രാന്റ്-ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ ( ഫർണീച്ചർ വാങ്ങിയത് ) | 101840 | 42301219/26.03.2024* | 251110012 \| Medical Institution-Alloppathy-Health-Related Activities |
| 2 | 166/24, ഹെൽത്ത് ഗ്രാന്റ്-ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ | 94047 | 42300838/29.12.2023 | 251110012 \| Medical Institution-Alloppathy-Health-Related Activities |

| | ( ഫർണീച്ചർ വാങ്ങിയത് ) | | | |
|---|---|---|---|---|

*ആകെ ബില്ലിലെ ചെലവുതുകയായ 148848-ൽ 101840 രൂപ മൂലധനച്ചെലവിനായി ഉപയോഗി

## 1-1-4 B-4 ഷെഡ്യൂളിലെ ബാലൻസും B-17ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ,ഗുണഭോക്തൃവി എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31.03.2024-ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്ത തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31.03.2024-ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1 | 320200104 | സി.എഫ്.സി- ബേസിക് ഗ്രാന്റ് | 1593678 | 450210101 | Canara Bank-16601 | 4962309 |
| | 320200113 | സി.എഫ്.സി- ടൈഡ് | 1496059 | | | |
| ആകെ | | | 3089737 | | | |

## 1-1-5 പ്രൊവിഷൻ എൻട്രി രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട് (85465 എന്നാൽ നികുതികുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 15 ത.സ്വ.ഭ.വ. തീ.26.07.2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4 എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-6 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തി

ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-4318776) രൂപയാണ്. എന്നാൽ ഇതെ പത്രി 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” രേഖപ്പെടുത്തിയിരിക്കുന്നത് (-4318776) രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻ

പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെ
രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-7 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-1-8 ജേർണൽ വൗച്ചറുകൾ സംബന്ധിച്ച അപാകങ്ങൾ

1. **അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല**

2023-24-ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രത
സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/
നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി
ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)) പ്രത
സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെ
എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകു
രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്
അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ ചാഴൂർ ഗ്രാമപഞ്ചായത്തിലെ 2
വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി-നികുതിയേതര വരുമാനങ്ങളുടെ ഒ
പരിശോധിച്ചതിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ
രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗ
ഇല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വരുമാന ശീർഷകം | ജേണൽ വൗച്ചർനമ്പർ/ തീയതി | ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തിയ തുക |
|---|---|---|
| 110100101-Property Tax On Residential Buiding | 42301313/ 31.03.2024 | 3706606 |
| 110100102-Property Tax On Non Residential Buiding | 42301320/ 31.03.2024 | 2146042 |
| 140110101-Licence Fees For Factories, Traders, Entepreneuors And Other Services | 42301717/ 31.03.2024 | 192500 |
| 130100101 - RENT FROM BUILDINGS | 42301723/ 31.03.2024 | 76680 |

| | | |
|---|---|---|
| 110200105-Profession Tax-Traders | 42301716/ 31.03.2024 | 398178 |
| 110200101-Profession Tax-Institutions | 42301715/ 31.03.2024 | 54200 |

**2. ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല**

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7). വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗ വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയ ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറു ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെ സൂക്ഷിക്കേണ്ടതാണ്.

**3. Prior Period Items-അനുബന്ധ രേഖകൾ ഇല്ല**

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18, ഐ-19) എന്നിവ പ്രകാരം Prior Period Iter ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രി അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രക രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തു സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18,I-19) | 31.03.2024-ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101-Prior Period Income -Property Tax | 7366 |
| 290800201-Prior Period Income-Administrative Expenses | 18230 |

**1-1-9 ഡി.സി.ബി രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകങ്ങൾ**

1 . **വസ്തു നികുതി -വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല**

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭ
വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ "ILGM
ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ഒ
തയ്യാറാക്കുന്നതും "ILGMS" സോഫ്റ്റ്വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ
നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ യാന്ത്രികമായി
ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്ര
വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ്
ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്വെ
തയ്യാറാക്കിയിട്ടുള്ള വസ്തുനികുതി കുടിശ്ശികയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർ
സംക്ഷിപ്ത തുകകളും "ILGMS" സോഫ്റ്റ്വെയർ പ്രകാരം തയ്യാറാക്കിയ വാർഷിക കണക്കിലെ ത
തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി ര
പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

**എ) തൻവർഷം**

1.റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 3706606 | 3703170 | 4885 | 6998 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3706606 | 3820005 | 4885 | *6998 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | * (7354/105X100)= 7004 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.തൻവർഷം ഡിമാന്റ് തുകയേക്കാൾ കൂടുതൽ കളക്ഷൻ തുക ചേർത്തിട്ടുണ്ട്.
2. കളക്ഷൻ തുക സഞ്ചയയിലും വാർഷികകണക്കിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

2.നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2146042 | 2126452 | 1358 | 23558 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2146042 | 2004661 | 1358 | *23558 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *( 24738 /105X100)= 23560 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

കളക്ഷൻ തുക സഞ്ചയയിലും വാർഷികകണക്കിലും വ്യത്യാസപ്പെട്ടിരിക്കുന്നു

**<u>ബി.കുടിശ്ശിക</u>**

1.നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 45644 | 8445 | 37199 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 38206 | 8445 | 37199 |
| | (2022-23 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) * (20586+19530= 40116/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | ** (39060/105X100)=37200ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ( രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തു ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | വരുമാനം | മുൻകൂർ ശീർഷകം | 31.03.2024-ലെ മുൻകൂർ തുക |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/Trad/Prof | 151290 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Factories, Traders, Entrepreneurs And Other Services | 71900 |

3. **വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല**

രജിസ്റ്ററുകൾ എഴുതി സംക്ഷിപ്തം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ RP-4, RP-5, ഒ പ്രകാരമുള്ള വരവുകളുടെ വാർഷിക കണക്കിൽ തുക രേഖപ്പെടുത്തിയതിന്റെ കൃത്യത പരിശോധ സാധിച്ചിട്ടില്ല.

## 1-1-10 വസ്തുനികുതി മുൻകൂർ തുക സാങ്കല്പികമായി വർദ്ധിപ്പിച്ചു

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ കൊടുത്തിരിക്കുന്ന വൗച്ചർ മുഖേന പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി വർദ്ധിപ്പി ഇപ്രകാരം വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യ സബ് വൗച്ചറുകളും, വർക്ക്ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇ സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വ വൌച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. റെസിഡൻഷ്യൽ

| ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|
| 42301319 | 31.03.2024 | 8431 |

2. നോൺ-റെസിഡൻഷ്യൽ

| ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|
| 42301325 | 31.03.2024 | 5287 |

## 1-1-11 ബാങ്ക് റീകൺസിലിയേഷൻ പത്രിക-അപാകങ്ങൾ

1. താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിൽ വന്ന ഡെബിറ്റ് തുക 31.0 വരെയുള്ള എല്ലാ മാസവും റീകൺസീലിയേഷൻ പത്രികയിൽ " Directly Debited By Bank" ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൌണ്ടിൽ തിരികെ െ ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കി ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാ

തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വ: കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാ( തുകകൾ 2023-24 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

ബാങ്ക് : കാനറ ബാങ്ക് (അക്കൗണ്ട് നമ്പർ : 2685101013536)

| തീയ്യതി | തുക |
|---|---|
| 08.09.2023 | 720 |

2. "Directly Credited By Bank" എന്ന ഇനത്തിൽ 4330 രൂപ ഉൾപ്പെടുത്തിയാണ് കാനറ (അക്കൗണ്ട് നമ്പർ : 2685101013536) അക്കൌണ്ടിന്റെ റീകൺസീലിയേഷൻ പൊരുത്തപ്പെടുത്തിയിരിക്കുന്നത്. വിവരം ചുവടെ ചേർക്കുന്നു.

| തീയ്യതി | തുക |
|---|---|
| 09.01.2024 | 4330 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധി: ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്.

## 1-1-12 മറ്റു രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ അപാകങ്ങൾ

1. ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാ( മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത( സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ച രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജി( ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.

2. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 പ്രകാരം ഡെപ്പോസിറ്റ് ശീർഷങ്ങളിലായി ആകെ ( രൂപയും ഷെഡ്യൂൾ ബി-18 പ്രകാരം മുൻകൂർ ശീർഷകങ്ങളിലായി ആകെ 5434806 ( ചേർത്തിട്ടുണ്ട്. ആയത് പരിശോധിക്കുന്നതിനായി ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് ( എന്നിവ ഹാജരാക്കിയിട്ടില്ല. രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-1-13 ആസ്തി രജിസ്റ്റർ -ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്ത അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്ക(

## 1-2 ബജറ്റ്

07-03-2023 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം.1(1) പ്രകാരം 2 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| പ്രാരംഭ ബാക്കി | തൻവർഷം വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 69,85,551 | 22,76,07,489 | 23,45,93,040 | 22,89,89,694 | 56,03,346 |

03-02-2024 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം.1(1) പ്രകാരം 2023-24 വ
പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| പ്രാരംഭ ബാക്കി | തൻവർഷം വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 1,57,30,248 | 26,35,62,492 | 27,92,92,740 | 26,75,09,694 | 1,17,83,046 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാസ്പാക്കിയ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 19492000 | 19492000 | 14298809 | 5193191 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 12344000 | 12344000 | 8469064 | 3874936 |
| മെയിന്റനൻസ്, റോഡ് | 0 | 7678000 | 7678000 | 2000459 | 5677541 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 4451400 | 4451400 | 2850715 | 1600685 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied | 3015646 | 2420500 | 5436146 | 3940087 | 1496059 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Basic | 1578444 | 3344881 | 4923325 | 3329647 | 1593678 |
| നാഷണൽ റൂറൽ ഹെൽത്ത് മിഷൻ | 450000 | 0 | 450000 | 0 | 450000 |
| PYKA | 15350 | 0 | 15350 | 0 | 15350 |
| റൂറൽ ഹൌസിംഗ് | 470000 | 8200000 | 8670000 | 6020000 | 2650000 |
| ICDS | 923836 | 1443042 | 2366878 | 745109 | 1621769 |
| സാക്ഷരതാ ഗ്രാന്റ് | 2133 | 21124 | 23257 | 20949 | 2308 |
| ശുചിത്വമിഷൻ | 1417327 | 1675550 | 3092877 | 2285219 | 807658 |
| Grants, Funds & Contributions For Specific Purposes | 84335 | 0 | 84335 | 0 | 84335 |

| | | | | | |
|---|---|---|---|---|---|
| - Other Than Development Fund And State Sponsored Scheme Funds - Other Purposes | | | | | |
| Total Sanitation | 398939 | 0 | 398939 | 0 | 398939 |
| വിമുക്തി | 12500 | 0 | 12500 | 0 | 12500 |
| Contributions For Joint Venture Projects (For Capital Expenditure) - From District Panchayats | 514278 | 0 | 514278 | 514278 | 0 |
| Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats | 1599051 | 0 | 1599051 | 1232678 | 366373 |
| Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats | 55047 | 0 | 55047 | 42120 | 12927 |
| Donations To CMDRF | 16500 | 0 | 16500 | 0 | 16500 |
| Donations Related To Pandemic/Epidemic Control | 3501 | 0 | 3501 | 0 | 3501 |
| Grants For Specific Purposes - Health Grant Towards | 209306 | 998291 | 1207597 | 793318 | 414279 |

| | | | | | |
|---|---|---|---|---|---|
| Support For Diagnostic InfraStructure To The PHCs | | | | | |
| Grants For Specific Purposes - Health Grant Towards Conversion Of PHCs And Subcentres In To Health And Wellness Centres | 0 | 629844 | 629844 | 544266 | 85578 |
| Flood Relief Grant | 0 | 100000 | 100000 | 0 | 100000 |

1) സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജ വികസന ഫണ്ട്- എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അങ്കണവാടി ജീവനക്ക പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

2) പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റുകളിൽ ചെലവഴിക്കാതെ ദീർഘകാ അവശേഷിക്കുന്ന തുകകൾ ഉപയോഗിക്കുന്നില്ലെങ്കിൽ തിരിച്ചടവാക്കി വിവരം ഓഡ അറിയിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്കുക-ളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 238 | 158808803 | 82 | 71563935 | 45.06 | 34.45 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1257681 | 1257681 | 1257681 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 22386549 | 22386549 | 22386549 | 0 |

| | | | | | |
|---|---|---|---|---|---|
| മെറ്റീരിയൽ കോസ്റ്റ് | 0 | 1840596 | 1840596 | 1840596 | 0 |
| ആകെ | 0 | 25484826 | 25484826 | 25484826 | 0 |

## 1-6 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 6241600 | 520 |
| വിധവാ പെൻഷൻ | 14386300 | 1345 |
| വാർദ്ധക്യകാല പെൻഷൻ | 30541600 | 2945 |
| വികലാംഗപെൻഷൻ | 3554100 | 328 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1491800 | 136 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120000* | 4 |

*ഇൻകം & എക്സ്പെന്റിച്ചർ ഐ-6 ഷെഡ്യൂൾ പ്രകാരം സാധുക്കളായ വിധവകളുടെ പെൺമ വിവാഹധനസഹായത്തിനുള്ള സാമൂഹ്യപെൻഷൻ ഇനത്തിൽ 2,40,000 രൂപ വരവും ചെല രേഖപ്പെടുത്തിയിട്ടുണ്ട് (ശീർഷകം: 160100739). ടി വിഷയം ഖണ്ഡിക 1-1-1 ൽ പ്രതിപാദിച്ചിട്ടുണ്ട്

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാ പരിശോധന 26.11.2024 തീയതിയിൽ 2.30 Pm-ന് സ്ഥാപന മേധാവിയുടെ സാന്നിധ്യ നടത്തുകയുണ്ടായി. പരിശോധനയിൽ 1,735 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 207 (1) ബി എ പ്രകാരം സർക്കാർ അം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർസെക്കണ്ടറി തലം വരെയുള്ള

വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും അത്തരം സ്ഥാപനങ്ങളിലെ വിദ്യാ‍
താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങൾക്കും നൽകിയിരുന്ന വസ്തുനികുതി ഇളവ്, 2023 ലെ 18-
(28.03.2023 ലെ നമ്പർ 15(2)/ലെജി.എ2/2023/നിയമം) പ്രകാരം 01.04.2023
പ്രാബല്യത്തിൽ ഒഴിവാക്കിയിട്ടുണ്ട്. ആയത് പ്രകാരം സർക്കാർ വകയോ, എയ്ഡഡോ, സർക്ക
ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒഴി
അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി 01.04.2023 തീയതി പ്രാബല
ഈടാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ നല്കി
അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നും മേൽ ആക്ട് പ്രകാരം വസ്തുനികുതി പര
ഈടാക്കിയിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്നമ്പർ/ കെട്ടിട നമ്പർ | സ്കൂളിന്റെ പേര് | വിസ്തീർണ്ണം സഞ്ചയ ഡാറ്റാ ബേസ് പ്രകാരം (ച.മീ. ) |
|---|---|---|---|
| 1 | 13/382C | ശ്രീ ഗോകുലം പബ്ലിക്ക് സ്കൂൾ,പഴവിൽ വെസ്റ്റ് | 2930.28 (Ground &1st Floor) |
| 2 | 13/382D | | 2680.96 (2nd,3rd,&4th Floor) |
| ആകെ വിസ്തീർണ്ണം | | | 5611.24 |

01.06.2007 തീയതിയിലെ ജി.ഒ.(ആർ.ടി) നം. 2427/2007/പൊതുവിദ്യാഭ്യാസം ഉത്തരവ്
തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ അൺഎയ്ഡഡ് ഉൾപ്പടെയുള്ള
പരിശോധിക്കേണ്ടതും സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കേണ്ട
30.12.2016 തീയതിയിലെ 792455 ഇ.ഡബ്ല്യൂ3/2016/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാര
പ്രൈമറി സ്കൂളുകൾ ഉൾപ്പെടെ എല്ലാ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ്
അധ്യയനവർഷം ആരംഭിക്കുന്നതിനു മുൻപായി തദ്ദേശസ്വയംഭരണ സ്ഥാപന
എഞ്ചിനീയർമാർ അനുവദിക്കുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എടുക്കേണ്ടതാണെന്നും ഫി
സർട്ടിഫിക്കറ്റില്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നില്ല എന്ന് സ്ഥാപനമേധാവി
വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2023-24 വർഷം ചാഴൂർ പഞ്ചായത്തിൽ
ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നല്കിയിട്ടുള്ള സ്കൂളുകളുടെ ഫയൽ പരിശോധിച്ചതിൽ മേൽ സ
ഫിറ്റ്നസ് സർട്ടിഫിക്കറ്റിനു വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടില്ല.

മേൽ കെട്ടിടങ്ങളുടെ നിലവിലുള്ള വിസ്തൃതി ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ
പ്രകാരമുള്ളതുമായി ഒത്തുനോക്കി ആയതിനനുസരിച്ച് വസ്തു നികുതി പുനർനിർ
ഈടാക്കേണ്ടതും, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ വിദ്യ
സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേ
വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് (ഓഡിറ്റ് എൻക്വയറി

02/27.11.24).

## 1-10 വസ്തുനികുതി പരിഷ്കരണം- സർക്കാർ നിർദേശങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023-ലെ സ.ഉ. (കൈ) നം. 77/2023/ത. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂട്ടിച്ചേർക്കലുകൾ നടത്തുക, മാറ്റം വരുത്തുക, സോഫ്റ്റ്‌വെ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക തുടങ്ങിയ കാരണങ്ങളാൽ നികുതി നിർണ്ണ അടിസ്ഥാനമാക്കിയ വിവരങ്ങളിൽ നിന്നും വ്യത്യസ്തമാണ് പല കെട്ടിടങ്ങളുടെയും അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഫീൽഡ് പരിശോധന നടത്തി മാറ്റം കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്യുന്നതിനും ഈ വിവര അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി നിർണ്ണയിക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ ഫീൽഡ് പരിശോധനകൾ 30.06.2023-ന് പൂർത്തീകരിക്കേണ്ടതുമാണ്. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ ( എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വെയർ എന്നി കുറയാത്ത യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതാണെന്നും ഭരണസമിതി തീരുമാ വിധേയമായി ഒരു കെട്ടിടത്തിന് പരമാവധി 30 രൂപ നിരക്കിൽ തനതുഫണ്ടിൽ വിനിയോഗിക്കാവുന്നതാണെന്നും മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്.

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനധികൃതനിർമ്മാണങ്ങൾ കണ്ടെത്തി വസ്തു പുന:നിർണ്ണയിക്കുന്നതിനായി സ്വീകിച്ച നടപടികൾ ലഭ്യമാക്കുന്നതിനായി നൽകിയ എൻക്വയറിക്ക് (03/27.11.2024), ഫീൽഡ് പരിശോധന നടപടികൾ പൂർത്തിയായിട്ട മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

അനധികൃതനിർമ്മാണം റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഫീൽഡ് സ്റ്റാഫിന് നി നല്കേണ്ടതും, അതനുസരിച്ച് അവർ കൃത്യനിർവ്വഹണം നടത്തുന്നുണ്ടോയെന്ന് മേലുദ്യോഗ സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പുവരുത്തേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മേൽ പ്രവർത്തന നേതൃത്വം നൽകി ആവശ്യമായ വിലയിരുത്തലുകളും നിർദ്ദേശങ്ങളും ഇടപെ പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിൽ നൽകേണ്ടതുമാണ്.

സർക്കാർ ഉത്തരവ് പ്രകാരമുള്ള ഫീൽഡ് പരിശോധനകൾ നടത്തി നികുതിയേതരയിനങ്ങളിലെ വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള തുടർനട സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-11 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കേണ്ടതാണ്

താഴെ ചേർത്തിട്ടുള്ള അപേക്ഷകർ, ഗ്രാമപഞ്ചായത്തിൽ മൊബൈൽ ടവറുകൾ നിർമ്മിക്കുന്നത പ്രകാരമുള്ള ഫീസ് അടവാക്കി ഇന്റിമേഷൻ നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഫയൽ നമ്പർ/ തീയതി | അപേക്ഷകൻ |
|---|---|---|
| | | |

| | | |
|---|---|---|
| 1 | SC2-4631/23/ 17.06.2023 | Indus Tower Ltd, Palarivattom |
| 2 | SC3-5970/23/ 02.09.2023 | Summit Digital Infrastrucutre Pvt.Ltd, Palarivattom |

മൊബൈൽ ടവർ നിർമ്മിക്കുന്നതിന് അറിയിപ്പ് (Intimation) നൽകി ഒരു വർഷം കഴിഞ്ഞിട്ടുള ടവറുകളുടെ പണി പൂർത്തീകരിച്ച് കെട്ടിടനമ്പർ ലഭിക്കുന്നതിനായി നാളിതുവരെ അ സമർപ്പിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 09/29.1 മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇന്റിമേഷൻ നൽകി ഒരു വർഷം കഴിഞ്ഞ മേൽപ്പറഞ്ഞ ടവറുകളുടെ സൈറ്റിൽ ഫീൽഡ് പരിശ നടത്തി ടവറുകൾ പണി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെങ്കിൽ വസ്തുനികുതി നിർ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു- നടപടികൾ സ്വീകരിക്കേണ്ടതാ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 2012 ലെ കേരള പഞ്ചായത്ത് രാജ് ( സ്റ്റോക്ക് ഫാമുകൾക്കു ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം മൃഗങ്ങളെയോ പക്ഷിക വളർത്തുന്നതിനോ അഥവാ ഏതെങ്കിലും ഇനം മൃഗങ്ങളെയോ പക്ഷികളെയോ വംശവർദ്ധ വളർത്തുന്നതിനോ വേണ്ടി നീക്കിവച്ചിട്ടുള്ള കെട്ടിടങ്ങളോ ഷെഡുകളോ ഉള്ളതോ ഇല്ലാത്തതോ സ്ഥലത്തിന് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ചട്ടങ്ങളിലെ നിബന്ധ പാലിക്കാതെയും ചട്ടം 3(1 ) ൽ സൂചിപ്പിച്ചിട്ടുള്ള എന്നതിൽ കൂടുതൽ മൃഗങ്ങളെയോ പക്ഷിക വളർത്തുവാൻ പാടില്ല. 2023-24 വർഷത്തിൽ പഞ്ചായത്തിൽ നിന്നും ഫ പ്രവർത്തിപ്പിക്കാനായി ലൈസൻസ് നല്കിയിട്ടില്ല. എന്നാൽ വെറ്ററിനറി സർജൻ ലഭ്യമ വിവരങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ നിരവധി ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. വിവ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര് | കന്നുകാലികളുടെ എണ്ണം | വാർഡ് നമ്പർ |
|---|---|---|---|
| 1 | അബ്ദുൾ അസീസ് | 15 | 14 |
| 2 | മജീദ് എ. പി. | 13 | 2 |
| 3 | ഗോപാലകൃഷ്ണൻ | 35 | 18 |
| 4 | ഗിൽജോ ചാലിശ്ശേരി | 11 | 15 |
| 5 | ജയപാലൻ പൊറ്റക്കാട് | 17 | 8 |

| | | | |
|---|---|---|---|
| 6 | ബാബേന്ദ്രൻ | 10 | 14 |

ലൈവ്സ്റ്റോക്ക് ഫാമുകളുടെ പ്രവർത്തനം, അന്വേഷണം നടത്തി ലൈസൻസ് ന
തരത്തിലുള്ളതാണെങ്കിൽ ലൈസൻസ് നൽകുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി
07/29.11.2024) നല്കിയ മറുപടിയിലൂടെ വ്യക്തമാക്കിയിട്ടുണ്ട്.
അന്വേഷണറിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-13 ഇ ടെണ്ടർ ഫീ- സമയബന്ധിതമായി പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കുന്നില്ല**

ഇ-ടെണ്ടർ ചെയ്യുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബ
തൃപ്രയാർ ശാഖയിലുള്ള 38121211855 നമ്പർ അക്കൗണ്ടിലാണ് നിക്ഷേപിച്ചുവരുന്നത്.
അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതു പ്രകാരം 31.03.2024 ന് 107573.01 രൂപയും 26.11.2
150818.01 രൂപയും അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. ഈ തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്ക
സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ - 03/28.11.24) 29.11.24ന് ലഭ്യമ
മറുപടിയിൽ നീക്കിയിരിപ്പുതുക എത്രയും വേഗം പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതാ
അറിയിച്ചിട്ടുണ്ട്. തുക അടവാക്കിയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**1-14 പഞ്ചായത്തിന്റെ മിച്ചവരുമാനം സ്ഥിരനിക്ഷേപമായി സൂക്ഷിച്ച് തനതുവരുമാനം വർദ്ധിപ്പിക്കാവുന്നതാണ്**

1996ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ച
ചട്ടം 4 പ്രകാരം പഞ്ചായത്തിന് ഏതൊരു മിച്ച ഫണ്ടും കേരള ഗവൺമെന്റ് സെക്യൂരിറ്റിക
ദേശീയ സമ്പാദ്യ പദ്ധതി ഉൾപ്പടെയുള്ള ഭാരത സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സെക്യൂരിറ്റിക
ട്രഷറി ഡെപ്പോസിറ്റ് അക്കൗണ്ടിലോ അല്ലെങ്കിൽ ആഡിറ്റ് തരംതിരിവിൽ 'ബി'യിൽ കു
സഹകരണ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാവുന്നതാണ്.

പഞ്ചായത്തിന്റെ തനതുവരുമാനം സൂക്ഷിക്കുന്നതിനായി ഉപയോഗിച്ചിരുന്ന പഴുവിൽ സ
സഹകരണ ബാങ്ക്, പഴുവിൽ ബ്രാഞ്ചിലെ 024194000534 നമ്പർ സേവിംഗ്സ് ബാങ്ക് അക്കൗ
വാർഷിക പലിശ നിരക്ക് 4 ശതമാനമാണ്. എന്നാൽ ഈ അക്കൗണ്ടിൽ 2023-24 സാമ
വർഷത്തിൽ പലിശയിനത്തിൽ 31.03.2024 തീയതിയിൽ 82794 രൂപ ലഭ്യമായതൊഴിച്ചു
പണമിടപാടുകളൊന്നും തന്നെ നടന്നിട്ടില്ല. ടി അക്കൌണ്ടിൽ 01.04.2023 തീയതിയിൽ 20
രൂപയും വർഷാവസാനം 2152649 രൂപയും നീക്കിയിരിപ്പുണ്ട്.

വർഷം മുഴുവൻ 20 ലക്ഷത്തിനു മുകളിൽ തുക ഈ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ളതാണ്. 2
വർഷത്തിൽ 82794 രൂപ പലിശ ലഭ്യമായിട്ടുണ്ട്. ദൈനംദിന ആവശ്യങ്ങൾക്കായി ഉപയോഗി

ടി തുക സ്ഥിര നിക്ഷേപമായി സൂക്ഷിച്ചിരുന്നുവെങ്കിൽ പലിശയിനത്തിൽ അധിക വ
ലഭിക്കുമായിരുന്നു. പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും വിവിധ പ്രത്യോകേ
ഗ്രാന്റുകൾക്കുമുള്ള തുകകൾ ഒഴികെയുള്ള മിച്ച ഫണ്ട് സ്ഥിരനിക്ഷേപമായി സൂക്ഷിക്കാ
തനതുവരുമാനം വർദ്ധിപ്പിക്കാവുന്നതുമാണ്. ഇതിനായുള്ള നടപടികൾ ഭരണസമിതി തീരുമാ
വിധേയമായി സ്വീകരിക്കാവുന്നതാണ്.

## 1-15 ജലപ്രയാണം - ശുചീകരണം പദ്ധതി - കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറു തുടർ നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ ഇ.എം.ഡി. കണ്ടുകെട്ടേണ്ടതാണ്

പദ്ധതി നമ്പർ -190/24 (സ്പിൽ ഓവർ)

നിർവഹണ ഉദ്യോഗസ്ഥൻ- അസി എൻജിനീയർ

അടങ്കൽ - 6,00,000 (5,90,000 – ജില്ലാപഞ്ചായത്ത് വിഹിതം, 10,000 – തനത് ഫണ്ട് )

ചെലവ് - 3,58,480

വൗച്ചർ നമ്പർ - 42301613 / 14.03.24

ചാഴൂർ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ പെടുന്ന കിളത്തോട്, അത്തിച്ചാൽ തൈവളപ്പൻ തോട് എന്നിവയുടെ ശുചീകരണ പ്രവൃത്തികൾക്കായി രൂപീകരിച്ച മേൽപദ്ധ ഏറ്റവും കുറഞ്ഞ നിരക്ക് (272610, ബിഡ് സമർപ്പണ തിയതി - 19.04.2022) രേഖപ്പെ കരാറുകാരനായ ശ്രീ. ജോസ്.എൻ.പി., ഞാറെക്കാടൻ വീട്, പി.ഒ.പോട്ട എന്നയാൾക്ക് 16.0 ലെ SN.02/AE/LSGD/CHZR/2022-23 നമ്പറിലുള്ള സെലക്ഷൻ നോട്ടീസ് അയച്ചതിന്റെ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. പ്രസ്തുത കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയിട്ടും എ വെക്കാൻ തയ്യാറാകാത്തതിനാൽ, അടുത്ത കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീമതി.സ്മിത. (419400) ന്റെ ടെണ്ടർ അംഗീകരിക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിന് ഭരണ 15.07.2022 ലെ 8(1) നമ്പർ തീരുമാന പ്രകാരം നിശ്ചയിച്ചു. എന്നാൽ, ശ്രീ.ജോസ്.എൻ.പി.ക യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. 2012 ലെ കേരള പി.ഡബ്ല്യൂ.ഡി സെക്ഷൻ 2011 പ്രകാരം ഒരിക്കൽ സമർപ്പിച്ച ടെണ്ടർ പിൻവലിക്കാനോ മാറ്റം വരുത കരാറുകാരന് അനുമതിയില്ല. മാന്വലിലെ സെക്ഷൻ 2009.6 പ്രകാരം നിശ്ചിത കാലയളവി കരാറുകാരൻ കരാർ വെച്ചില്ലെങ്കിൽ ഇ.എം.ഡി കണ്ടുകെട്ടാവുന്നതാണ്. ഇ ടെണ്ടർ ബിഡ് സബ കൺഫർമേഷൻ പത്രിക പ്രകാരം ടി കരാറുകാരൻ 14,280 രൂപ ഇ.എം.ഡി അടവാക്കി ആയത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടു വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നമ്പർ 5/28.11.24നൽകിയെങ്കിലും ലഭിച്ചില്ല. ഈ വിഷയത്തിൽ മേൽനടപടികളൊന്നും ഇതുവരെ സ്വീകരിച്ചിട്ടില്ലെങ്കിൽ സ്വീകരിക്കേണ്ടതും വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-16 പാലിന് സബ്സിഡി-അധികമായി നൽകിയ 5088 രൂപ നിരാകരിക്കുന്നു

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പറും | 29/24, ക്ഷീരസഹകരണസംഘം മുഖേന പാൽ അളക്കുന്നവർക്ക് സബ്സിഡി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| അടങ്കൽ /ഫണ്ട് | അടങ്കൽ തുക - 10,00,000 |
| ചെലവഴിച്ച തുക | വികസന ഫണ്ട്(ജനറൽ)- 6,00,000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 1,50,000<br>ജില്ലാ പഞ്ചായത്ത് വിഹിതം- 55,884<br>**ആകെ – 8,05,884** |
| വൗച്ചർനം./തീയതി/തുക | 1) 42301476/09.11.23, 341679/-<br>2) 42301477/09.11.23, 150000/-<br>3) 42301521/28.12.23, 70425/-<br>4) 42301539/12.01.24, 55884/-<br>5) 42301564/03.02.24, 65506/-<br>6) 42301568/07.02.24, 53308/-<br>7) 42301612/12.03.24, 69082/- |

ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് അവർ അളക്കുന്ന പാലിന് ലിറ്ററിന് പര 3 രൂപ നിരക്കിൽ സബ്സിഡി നൽകുന്നതിന് മേൽ പ്രോജക്ട് പ്രകാരം 2023-24 വർഷത്തി ചെലവഴിച്ചിട്ടുണ്ട്. 28.05.2022 തീയതിയിലെ സ.ഉ (കൈ) 115/2022/ ത.സ്വ.ഭ.വ നമ്പർ ഉ പ്രകാരം പതിനാലാം പഞ്ചവൽസര പദ്ധതിയുമായി ബന്ധപ്പെട്ട് സബ്സിഡി, ധനസ അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ അംഗീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്ത ഖണ്ഡിക 6.3, ക്രമ നമ്പർ 9 പ്രകാരം പാലിന് സബ്സിഡി നൽകുന്ന പ്രോജക്ടിന് ഗുണഭോക്ത നൽകാവുന്ന പരമാവധി സബ്സിഡി തുക 40,000 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

പഞ്ചായത്തിൽ നടപ്പിലാക്കിയ ടി പ്രോജക്ടുമായി ബന്ധപ്പെട്ട് ശോഭന ഇ, ചക്കാന്തറ (ആധാർ 206192802870) എന്ന വ്യക്തിക്ക് താഴെ കൊടുത്തിരിക്കും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| ക്ഷീരസഹകരണ സംഘം | അളന്ന പാൽ (ലിറ്റർ) | പരമാവധി നൽകാവുന്ന സബ്സിഡി തുക | അനുവദിച്ച തുക | വൗച്ചർ നമ്പർ/ തീയതി | ആകെ ബിൽ തുക | ബാ അക്കൗ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| പെരിങ്ങോട്ടുകര ക്ഷീരോൽപ്പാദക സഹകരണസംഘം | 12716 | 15030x3= 45090 രൂപ സബ്സിഡി മാർഗ്ഗനിർദ്ദേശ പ്രകാരം 40000 രൂപയായി നിജപ്പെടുത്തി | 22635 | 42301476/09.11.23 | 341679 | 55072710 കാനറ പെരിങ്ങേ |
| താന്ന്യം ക്ഷീരോൽപ്പാദക സഹകരണസംഘം | 2314 | | 5550 | 42301521/28.12.23 | 70425 | |
| | | | 4875 | 42301539/12.01.24 | 55884 | |
| | | | 12028 | 42301564/03.02.24 | 65506 | |
| ആകെ | **15030** | | **45088** | | | |

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/29.11.2024), ലഭ്യമാക്കിയില്ല. അധികമായി നൽകിയ 5088 രൂപ നിരാകരിക്കുന്നു. അധിക തുക തിരികെ ഇ സഞ്ചിത നിധിയിലേക്ക് അടവാക്കേണ്ടതും വിവരം രേഖകൾ സഹിതം ഓഢ അറിയിക്കേണ്ടതുമാണ്.

## **1-17 ബാലസഭ - മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള പരിധിയിൽ കവിഞ്ഞ് ചെലവു ചെ**

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ

പദ്ധതി നമ്പർ -16/24

അടങ്കൽ - 35,000 (18000 – വികസന ഫണ്ട് പൊതുവിഭാഗം, 17,000 – തനത് ഫണ്ട്)

ചെലവ് - 34,059 ( 18000 – വികസന ഫണ്ട് പൊതുവിഭാഗം, 16059 - തനത് ഫണ്ട്)

സബ്സിഡി, ധനസഹായം, അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയായ സ.ഉ.(ര 115/2022/തസ്വഭവ തീയതി. 28.05.2022, ഖണ്ഡിക 7.7.10 പ്രകാരം ഗ്രാമപഞ്ചായ വാർഡൊന്നിന് 1000 രൂപയാണ് ബാലസഭക്കായി ചെലവഴിക്കാവുന്നത്. ഇതനുസരി വാർഡുകളുള്ള ചാഴൂർ ഗ്രാമപഞ്ചായത്തിന് 18,000 രൂപയാണ് ഈയിനത്തിൽ ചെലവഴിക്കാ ഈ പരിധിയിൽ കവിഞ്ഞ് 16059 രൂപ (വൗച്ചർ നമ്പർ - 42301170/15.03.24- തുക – 12600, നമ്പർ - 42301171/15.03.24- തുക – 3459) കൂടി ചെലവഴിച്ചതായി കാണുന്നു. ആയതിന് പ്ര അനുമതി ഉണ്ടെങ്കിൽ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (ന 11/29.11.24) മറുപടി ലഭ്യമാക്കിയില്ല. അനുമതിയുടെ അഭാവത്തിൽ, 16059 രൂപയുടെ തടസ്സപ്പെടുത്തുന്നു.

## **1-18 കുട്ടികൾക്ക് ഫുട്ബോൾ, ജൂഡോ എന്നീ ഇനങ്ങളിൽ നൽകിയ പരിശീലനം -സർ ഉത്തരവ് പാലിച്ചിട്ടില്ല തുക തടസ്സപ്പെടുത്തുന്നു.**

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ

എ) പദ്ധതി നമ്പരും പേരും - 24/24, സ്ലിം തൃശ്ശൂർ - കുട്ടികളുടെ കായികപരിശീലനം - ജൂഡോ

അടങ്കൽ - 75,000 (30,000 – വികസന ഫണ്ട് പൊതുവിഭാഗം, 45,000 – തനത് ഫണ്ട്)

ചെലവ് - 45,000 ( 45,000 - തനത് ഫണ്ട്)

വൗച്ചർ നമ്പർ - 42301221/26.03.24

ബി) പദ്ധതി നമ്പരും പേരും - 25/24, സ്ലിം തൃശ്ശൂർ - കുട്ടികളുടെ കായികപരിശീലനം - ഫുട്ബേ

അടങ്കൽ - 75,000 (30,000 – വികസന ഫണ്ട് പൊതുവിഭാഗം, 45,000 – തനത് ഫണ്ട്)

ചെലവ് - 63,315 ( 30,000 – വികസന ഫണ്ട് പൊതുവിഭാഗം, 33,315 - തനത് ഫണ്ട്)

വൗച്ചർ നമ്പർ - 42301621/20.03.24, തുക - 30,000

42301222/26.03.24, തുക - 13965

42301230/26.03.24, തുക - 19350

എ, ബി ക്രമനമ്പരുകളിലായി നൽകിയിട്ടുള്ള പദ്ധതികളുടെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന ന്യൂനതകളുണ്ട്.

1) ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകളുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർ സ.ഉ.(കൈ) നം. 84/2022/ തസ്വഭവ തിയതി 19.04.2022, സബ്സിഡി, ധനസ അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയായ സ.ഉ.(കൈ) നം. 115/2022/തസ്വഭ 28.05.2022 എന്നിവ പ്രകാരം സ്കൂൾ കുട്ടികൾക്ക് കായികപരിശീലനം നൽകാവുന്നതാണെ പരിശീലനാർത്ഥികൾക്ക് പരിശീലനവസ്തുങ്ങൾ വാങ്ങി നൽകുന്നതിന് (നീന്തലിനെ അനുമതിയുള്ളതായി കാണുന്നില്ല. ഫുട്ബോൾ പരിശീലനാർത്ഥികൾക്ക് ഒന്നിന് 450രൂപ വില 43 സെറ്റ് ജെഴ്സി സൺ സ്പോർട്സ് വെയർ, വെളിയന്നൂർ, തൃശ്ശൂർ (ബിൽ നമ്പർ 466, ( രേഖപ്പെടുത്തിയിട്ടില്ല) എന്ന സ്ഥാപനത്തിൽ നിന്ന് 19350 രൂപക്ക് (തനത് ഫണ്ട്) നൽകിയിട്ടുണ്ട്. അതുപോലെ, ജൂഡോ പരിശീലനാർത്ഥികൾക്ക് ഫിനിക്കി സ്പോർട്സ്, ഉത്തർപ്രദേശ് എന്ന സ്ഥാപനത്തിൽ നിന്ന് (ക്വട്ടേഷൻ സമ്പ്രദായത്തിൽ) 47,250 രൂപ വി ജൂഡോ ടീഷർട്ടുകളും ലോവറുകളും (ഇൻവോയ്സ് നമ്പർ 55/27.02.2024) വാ ആയതിലേക്കായി തൻവർഷം 17,250 രൂപ തനതുഫണ്ടിൽ നിന്ന് അനുവദിക്കുകയും ചെയ്തിട്ടുണ്ട

2.I) സ.ഉ. (സാധാ) നം. 1528/2023/LSGD തിയതി 26.07.23 പ്രകാരം കായികപരിശീലനം ന അദ്ധ്യാപകരുടെ യോഗ്യത, വേതനം എന്നിവ നിശ്ചയിച്ചിട്ടുണ്ട്. ആയതുപ്രകാരം, അദ്ധ്യാപകർക്ക് ഒരു മണിക്കൂർ ദൈർഘ്യമുള്ള ഒരു സെഷന് 400 രൂപയാണ് നൽകാവുന്നത്. ദിവസവും എത്ര സമയം പരിശീലനം നടത്തിയെന്നതിന് രേഖകളില്ല. 2024 ഫെബ്രുവരി മാസ നടന്ന 15 ദിവസത്തെ (12.02.204 മുതൽ 28.02.2024വരെ) ജൂഡോ പരിശീലനപരിപാടി അദ്ധ്യാപകർക്ക് (രജിൻ ശങ്കർ, നവനീത് ഒ.എസ്) എന്നിവർക്ക് പ്രതിദിനം 500 രൂപ വീതം 15,000 രൂപ (500 X 15 X 2) നൽകിയതിൽ, 3000 രൂപ അധികം ചെലവഴിച്ചതായി കാ നൽകാവുന്നത് 400x15x2= 12000രൂപ)

2.Ii) മേൽ ഉത്തരവുപ്രകാരം, കായികാദ്ധ്യാപകർക്ക് 500 രൂപ വീതം 30 സെഷന് പരമാവധി രൂപയാണ് നൽകാവുന്നത്. എന്നാൽ, ഫുട്ബോൾ പരിശീലകനായ ശ്രീ.ബാബു.എ.ബി.ക്ക് (23. മുതൽ 28.01.24 വരെ 30 ദിവസം) പ്രതിദിനം 750 രൂപ വീതം 30 ദിവസത്തേക്ക് 2250 നൽകിയിട്ടുണ്ട്. പരിധിയിൽ കവിഞ്ഞ് 7,500 രൂപ ചെലവഴിച്ചിട്ടുണ്ട്.(22500- 15000=7500 )

മേൽസൂചിപ്പിച്ച അപാകങ്ങൾ ഓഡിറ്റ് എൻക്വയറി നമ്പർ 12/29.11.24 പ്രകാരം ഗ്രാമപഞ്ചായ അറിയിച്ചുവെങ്കിലും മറുപടി ലഭിച്ചില്ല. ആയതിനാൽ, ഖണ്ഡിക 1 പ്രകാരമുള്ള 36600 രൂപയും (1

17250) ഖ.2.1 പ്രകാരമുള്ള 3000 രൂപയും ഖണ്ഡിക 2.Ii പ്രകാരമുള്ള 7500 രൂപയുമടക്കം ആകെ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 മാലിന്യനിർമ്മാർജ്ജനം - തുക നൽകിയതിലെ അപാകങ്ങൾ

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 273/24 |
| പ്രൊജക്റ്റിന്റെ പേര് | മാലിന്യനിർമ്മാർജ്ജനം - തുക നൽകൽ |
| ഫണ്ടിനം | തനതു ഫണ്ട് |
| അടങ്കൽ തുക | 6,00,000 |
| ചെലവ് | 4,45,648/- |
| വൗച്ചർ നമ്പർ, തുക | **1.42300789/14.12.23- 2,00,000/-**<br>2.42300945/25.01.24-1,60,128/-<br>3. 42301110/04.03.24 - 85,520/- |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ചാഴൂർ ഗ്രാമ പഞ്ചായത്തിന്റെ 13.11.2023 ലെ 18(1) നമ്പർ യോഗ തീരുമാനപ്രകാരം എ.സി.എ സൂക്ഷിച്ചിരിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി മലപ്പുറം തിരൂരങ്ങാടിയിലുള്ള 'Mo Enviro Solution' എന്ന സ്ഥാപനവുമായി കരാറിലേർപ്പെടാൻ തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാന 17.11.2023ന് സ്ഥാപനത്തിന്റെ മാനേജിംഗ് പാർട്ണറും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും കരാറിലേർപ്പെടുകയും ചെയ്തു. മേൽ സൂചിപ്പിച്ച വൗച്ചറുകൾ പ്രകാരം കിലോഗ്രാമിന് 8/- നിരക്കിൽ 55,706 കിലോഗ്രാം മാലിന്യം നീക്കം ചെയ്തതിന്റെ ചെലവായി 4,45,648/- മൂവെൻപ്രോ എന്ന കമ്പനിയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർ ചുവടെ ചേർക്കുന്നു.

1) 2023-24 സാമ്പത്തിക വർഷം 55.70 ടൺ മാലിന്യമാണ് മൂവെൻപ്രോ എന്ന ക നൽകിയിട്ടുള്ളത്. മേൽ പട്ടികയിൽ സൂചിപ്പിച്ച വൗച്ചറുകൾ പ്രകാരം 4,45,648/- രൂപ കമ്പ നല്കിയിട്ടുമുണ്ട്. കരാർ വ്യവസ്ഥ 7 പ്രകാരം കൊണ്ടുപോയ മാലിന്യങ്ങളിലുൾപ്പെട്ട പ്ലാസ്റ്റിക് പ്ലാസ്റ്റിക് സ്ക്രാപ്പ്/മെറ്റൽ സ്ക്രാപ്പ് തുടങ്ങിയ പുനരുപയോഗത്തിന് സാധിക്കുന്ന മാലിന്യങ്ങൾക്ക് വ്യവസ്ഥയിൽ സൂചിപ്പിച്ച പ്രകാരമുള്ള നിശ്ചിത വില പഞ്ചായത്തിന്റേയോ ഹരിത സേനയുടേയോ ബാങ്ക് അക്കൗണ്ടിൽ 30 ദിവസത്തിനകം മൂവെൻപ്രോ നിക്ഷേപിക്കേണ്ടതാണ്

